# സ്പാർക്ക്ൾസ്




*Figure 1: GVHSS MAKKARAPARAMBA*

# ഇ-മാഗസിൻ 2019-20

# ജി വി എച്ച് എസ് എസ്

# മക്കരപ്പറമ്പ

# അവതരണം

# ലിറ്റിൽകൈറ്റ്സ്

# ജി വി എച്ച് എസ് എസ്

# മക്കരപ്പറമ്പ

# സ്പാർക്ക്ൾസ്

## ലിറ്റിൽകൈറ്റ്സ് സ്കൂൾതല

## നിർവ്വഹണസമിതി

ചെയർമാൻ : കുഞ്ഞിമുഹമ്മദ് കെ

വൈസ് ചെയർമാൻ

കൺവീനർ : ബഷീർ കെ

ജോയിൻറ് കൺവീനർമാർ : രാജേഷ് എൻ പി

: പുരുഷോത്തമൻ

: സുജാത കെ സി

കുട്ടികളുടെ പ്രതിനിധികൾ : മിക്ദാദ് എ

: ഹാമിദ് ബഷീർ സി കെ

: മുഹമ്മദ് ഫസലുറഹ്മാൻ

: ഹിബ അബ്ദുൽഖാദർ

: ഷാന ഷെറിൻ

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ (2019-2021)



# സന്ദേശം




സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠനത്തോടൊപ്പം കുട്ടികളുടെ ബുദ്ധിപരവും സർഗ്ഗാത്മകവുമായ കഴിവുകൾ തെളിയിക്കാനും അവസരം. പ്രതിഭകൾക്ക് പ്രോത്സാഹനം നൽകി അവരുടെ രചനകളെ മനോഹരമായി ഡിജിറ്റൽ മാഗസിനിലൂടെ അവതരിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സ്. സ്കൂളിന്റെ അവിഭാജ്യഘടകമായി മാറിയ ലിറ്റിൽ കൈറ്റിന് എല്ലാ ഭാവുകങ്ങളും.ഡിജിറ്റൽ വായനയുടെ ഈ യുഗത്തിൽ നമ്മുടെ മാഗസിൻ വായനക്കാർക്ക് ആസ്വാദ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

പ്രധാനാധ്യപകൻ
ബഷീർ കെ

# പ്രവേശനോൽസവം

**ജൂൺ 6 2019**






## വായനാ വാരാചരണവും
## വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം
## ശ്രീ. അനിൽ മങ്കട നിർവ്വഹിക്കുന്നു.






# പോയ് മറഞ്ഞ കാലം

എവിടെയെങ്ങു പോയി നീ മറഞ്ഞു

അരോടും പറയാതെ എന്തിന് പോയി?

എന്നെ തനിച്ചാക്കി പോയതെന്തിനാ!

കുട്ടിക്കാലത്തെ മറച്ചതെന്തിനാ...

സങ്കടം ഇല്ലാതെ നടന്ന കാലംവും

തുള്ളിച്ചാടി നടന്ന കാലവും

എങ്ങു മറഞ്ഞു പോയി .....

മുത്തശ്ശി കഥകൾ കേട്ട് ഞാൻ മങ്ങിയ

നേരം മിണ്ടാതെ  പോയത് എന്തിനു വേണ്ടി

സ്വപ്നത്തിൽ നിന്ന് ഞാൻ -

നെട്ടിയുണർന്ന നേരം ,

കൗമാര ലോകത്ത് എത്തിയത് എങ്ങനെ ഞാൻ?

മാനത്തെ മാമനെ നോക്കി ചോറുണ്ട നേരം

അറിയാതെ നീ പോയതല്ലേ...

എന്നോട് പിണങ്ങിയാണോ പോയത്

അതേ അമ്മ വല്ലതും നിന്നോട് കോപിച്ചോ?

**തിരിച്ചു വരുമെന്ന് ഞാൻ കാത്തിരുന്നിട്ടും**

**അകലെ എങ്ങോ മറഞ്ഞില്ലേ നീ...**
**സ്വപ്ന കുട്ടിരങ്ങളിൽ ചാടികളിച്ച ഞാൻ**
**പെട്ടെന്ന് പാദം വഴുതി നിലത്ത് വീണ-**

**നോക്കിയപ്പോൾ ,സങ്കടങ്ങൾ നിറഞ്ഞ**
**ലോകമായിരുന്നതെന്ന് ഞാൻ അറിഞ്ഞില്ല**
**പെട്ടന്ന് എന്റെ ചിരിയെല്ലാം മാഞ്ഞകാലം,**
**സന്തോഷത്തെ വെട്ടിനുറുക്കിയ കാലം**
**മാമ്പഴാകഴിക്കാനായ് മാവിൽ കയറിയ ഞാൻ,**
**പുളിയൻ ഉറുമ്പ് കടിച്ചത് ഓർക്കും ഞാൻ,**

**വിദ്യാലയത്തിൽ പോകുന്നേരം അണ്ണാനോടും**
**പക്ഷികളോടും കഥപറഞ്ഞ് നടന്ന കാലത്തെ**
**ഓർമയിൽ  നിന്ന് മായാതെ നിക്കുന്ന**
**എങ്ങോ പോയി മറഞ്ഞു**
**എൻ കുസതി കുസൃതി കുട്ടിക്കാലം**

# THE BOY AND APPLE TREE

MURSHIDA

Long long ago, there was an enormous apple tree. A little boy loved to come and play around it every day. He climbed to the tree top and ate the apples. He took a nap in shadow. He loved the tree and the tree loved to play with him.

Time went by. The little boy had now become a teenager and he no longer played around the tree anymore.

One day, the boy came back to the tree and discovered that it looked sad. “come and play with me” the tree seemed to ask the boy.

“Iam no longer a kid. I do not play around trees anymore, “ the boy replies,”i want the latest gadgets. I need money to buy them.”

“Sorry, but I do not have money, but you can pick all my apples and sell them. Then you will have money” The boy was so excited. He plucked all the apples from the tree and left happily. The boy did not come back after

he picked the apples. The tree was deeply saddened once again.

One day, many years later, the boy who now had turned in to a man Returned and the tree was thrilled! “come and play with me” the tree seemed to have said.

“i do not have time to play. I have to work for my wife and children. We need a house for shelter. can you help me?”the man replied.

“sorry, but i do not have any houses. But you build your house. U can shop off my branches to build your house.”

so the man cheerfully cut all the branches of the tree and left happily, the tree was glad to see him happy but the man did not come back for ears and years. The tree was again lonely and upset.

One hot summer day, the man returned and the tree was delighted. “come and play with me, “the tree seemed to say.

“I am approaching my fifties. I want to go sailing so i can relax during my holidays. Can you give me a boat?’ asked the man.

"use my trunk to build your boat. You can sail far away and be happy," the tree seemed to have replied.

So the man joyfully cut the tree trunk to make a boat. He went sailing and did not show up for a long time.

Finally, the man returned after man year. "sorry, my boy. But i do not have anything for you any more. No more apples for you,"the tree seemed to have said.

"No Problem l do not have any more teeth to bite," the man replied
No more trunk for you to climb on, "the tree seemed to have responded.

"I am too old for that now too," the man said "I really cannot give you Anything my boy. The only thing left is my dying roots," the tree seemed to have said with tear.

"I do not need much now, just a place to rest. I am tired after all these year," the man remarked.

Good! Old tree roots are the best to peace to lean on and rest, come come sit down with me and rest,"the tree seemed to have heartily whispered.

The man sat down on the grass, leaning his weak body on the tree stamp. The tree was so glad it seemed to have smiled with tears.....

This is a story for everyone. The tree is like our parents. When we were young we loved to play with our Mom and Dad. When we grow up, we leave them.... only come back to them when we need something or when we are in trouble.

No matter, what our parents will always be there and give everything they could.

You many think the boy is cruel to the tree, but that is how almost all of us treat our parents. We take them for granted. We don't appreciate all the things that they do for us, UNTIL it's too late. May Allah for give us of our short coming and may he guide us.

# ഫുട്ബോൾ സെലക്ഷൻ



# കവിത

**Rahana Farhana XA**

ചിറകുകരിഞ്ഞസഡാക്കോകൾ......
വീണ്ടും സമാധാനത്തിന്റെ വെള്ളകൊക്കുകൾ
ചിറകുകരിഞ്ഞ് ചാവുമ്പോൾ
നിഷ് പ്രഭമായ കൊക്കുകൾ ഉയർത്തെഴുന്നേൽക്കുന്നു.
സമാധാനമെന്ന മോഹത്തിനിനി അൽപായുസ്സ് മാത്രം
ഗർജ്ജിക്കുന്ന തോക്കുകളും,ചീറിപ്പായുന്ന ബോംബുകളും
സമാധാനമെന്ന പ്രതീക്ഷയെ ഖണ്ഡം ഖണ്ഡമായി
മുറിക്കുമ്പോൾ നോവുന്നതമ്മയായഭൂമി..
ബധിരമാം കാതുകളിപ്പോഴും ബധിരമാം
ഊഢമാം കണ്ണുകളിപ്പോഴും ഊഢമാം ...
ബധിരമാം കാതുകളെ നിശിതമാക്കുവാനും
ഊഢമാം കണ്ണുകളെ തുറപ്പിക്കുവാനും
സഡാക്കോ കൊക്കുകളുണ്ടാക്കണം.

# കാർഷിക ക്ലബ്








# സ്പാർക്ക്ൾസ്

## കൗൺസിലറുടെ സേവനങ്ങൾ









# ലഹരി വിരുദ്ധ ദിനം

## ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് നടന്ന റാലി.




# മെഴുതിരി

റിഫ പി.വി 9A

കൂരിരുട്ടിൽ ഒരു ചെറു
മെഴുതിരി വെട്ടം
ഉരുകിയൊലിച്ച്
വിയർപ്പായൊഴുക്കി
കത്തിത്തീരുന്നു

എകങ്കിലും , അന്ധകാരത്തെ
തോൽപിച്ച്
വിണ്ടുമുരുകിത്തീരുന്നു
ഇരുളടഞ്ഞവർക്കൊരു
വെട്ടമായ് മാറുന്നു

പ്രതീക്ഷയായ് ജ്വലിക്കുന്നു



## വിനോദയാത്ര



## 2019–20 അധ്യയനവർഷത്തെ എസ് എസ് എൽ സി

## വിദ്യാർത്ഥികൾക്കുള്ള പഠനയാത്ര

## @മൈസൂർ

# OUR SCOUT&GUIDE TEAM






# സ്പാർക്ക്ൾസ്

## സ്കൗട്ട് മാസ്റ്റർ ശ്രീ. രാജേഷ്.കെ





## ഗൈഡ് ക്യാപ്റ്റൻ ശ്രീ. ഷിബിന ആറ്റുകുഴിയിൽ

# പ്രളയം നൽകിയ പാഠങ്ങൾ

തെക്ക് തിരുവനന്തപുരം മുതൽ വടക്ക് കാസർകോഡ് വരെ പച്ചപ്പരവതാനിയാൽ അലംകൃതമായ ,ദൈവത്തിന്റെ സ്വന്തം നാട് എന്ന ഓമനപ്പേരിലറിയപ്പെടുന്ന നമ്മുടെ കേരള നാട്.... എല്ലാവരും സന്തോഷത്തോടെയും സാഹോദര്യത്തോടെയും ജീവിക്കുന്നതിനിടയിൽ 2018 ൽ ഒരു വില്ലനെപ്പോലെ പ്രളയം എത്തി. അത്യന്ത നാശനഷ്ടങ്ങൾ വിതച്ച് അനേകായിരങ്ങളുടെ ജീവനെടുത്തു.ഒട്ടനവധി പേരെ ജീവച്ഛവമാക്കിയുമാണ് പ്രളയം കടന്നുപോയത്. മനുഷ്യൻ പ്രകൃതിയോട് ചെയ്ത അനീതികൾക്കെതിരെ പ്രകൃതി തിരിച്ചടിച്ച ആ ദിവസങ്ങൾ മലയാളിയുടെ മനസ്സിൽ നിന്ന് ഇന്നും മറഞ്ഞിട്ടില്ല. ദൈവത്തിന്റെ സ്വന്തം നാട്... ചെകുത്താന്റെ നാടായി മുദ്രചാർത്തപ്പെട്ട ആഗസ്റ്റ്, ജൂൺ ,ജൂലൈ കാലഘട്ടങ്ങൾ.

ഓരോ മനുഷ്യ ജീവനും ചോര നീരാക്കിക്കൊണ്ട് വലിയ മണിമാളികകൾ കെട്ടിപ്പൊക്കി. ഇതിനായി അവർ കുന്നിടിക്കലും മരങ്ങൾ വെട്ടി നശിപ്പിക്കലുമൊക്കെ ചെയ്തു. വീടിനുമുന്നിൽ കോൺക്രീറ്റും ഇന്റർലോക്കും ഇട്ട് സുന്ദരമാക്കി.എന്നാൽ,മഴക്കാലം തുടങ്ങി, മഴവെള്ളത്തിന് താഴ്ന്നിറങ്ങാനായില്ല. പുഴകളും തോടുകളും മറ്റും കരകവിഞ്ഞൊഴുകി. പുഴകളുടെ മേൽപ്പാലങ്ങൾ പൊട്ടി ഗതാഗതം തടസ്സപ്പെട്ടു. അങ്ങനെ ഓരോ വീടിനു മുന്നിലും നാൾക്കുനാൾ ഉയരാൻ തുടങ്ങി.ഇരുനില കെട്ടിടങ്ങൾ ഉള്ളവർ വിലപിടിപ്പുള്ള സാധനങ്ങൾ മുകളിൽ കയറ്റി. പക്ഷേ പ്രകൃതി കലിപ്പിലായിരുന്നു. ജനങ്ങൾക്ക്

കുടുംബത്തോടൊപ്പം വീടൊഴിഞ്ഞ് ദുരിതാശ്വാസ ക്യാമ്പുകളിൽ പോകേണ്ടി വന്നു. അത്രയും നാൾ ആഢംബരം കൈയ്യൊഴിയാതെ ജീവിച്ചവർ നിരാശ്രയരായി. വെള്ളം ഉയർന്നു പൊങ്ങി. വൈദ്യുത ലൈനുകൾ പൊട്ടി വീണപ്പോൾ ജോലിസ്ഥലത്ത് പെട്ടുപോയവർക്ക് സ്വന്തം വീടണയാൻ സാധിക്കാതായി. വീട്ടുകളിലേക്ക് ചെളിയും മാലിന്യങ്ങളും അടിഞ്ഞുകൂടി. അവ താത്ക്കാലികമായി വാസ യോഗ്യമല്ലാതായിത്തീർന്നു.

തുടർന്ന് രക്ഷാപ്രവർത്തനങ്ങൾ ആരംഭിച്ചു. വെള്ളം നിറഞ്ഞുകവിഞ്ഞ റോഡിലൂടെ തോണികളും മറ്റുമായി രക്ഷാപ്രവർത്തകർ എത്തി. ആളുകളെ സുരക്ഷിതമായ നിലയിൽ തയ്യാറാക്കിയ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചു. നല്ല നിലയിൽ ജീവിച്ചിരുന്നവർ വരെ ഒരു വസ്ത്രത്തിനുവേണ്ടി ഇരക്കുന്നവരായി. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ലാതെ ജാതി-മത-വർഗ-വർണ ഭേദമില്ലാതെ എല്ലാവരും പരസ്പരം സഹകരിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ ദിവസങ്ങൾ കഴിച്ചുകൂട്ടി. വീടിനു മുകളിലേക്ക് ഹെലിക്കോപ്റ്റർ വന്ന് പൂർണ്ണഗർഭിണികൾ,വയസ്സായവർ മുതൽ കുട്ടികളെ വരെ അതിൽ കയറ്റി പുറത്തെത്തിച്ചു. ഓരോ വ്യക്തികളും കെട്ടിപ്പൊക്കിയ വീട്ടുകൾ സ്വന്തം കണ്ണുന്നിൽ തന്നെ നിലം പതിച്ചു.

2018 ന് ശേഷം 2019 ൽ വീണ്ടും ആസാമിലും കൂടാതെ നമ്മുടെ കേരളത്തിലും പ്രളയമെത്തി. 1924 ന് ശേഷം 18-19 വീണ്ടും പ്രളയം ഒരു തുടർക്കഥയായെങ്കിൽ അതിന് പിന്നിൽ നാം മനുഷ്യന്റെ കരങ്ങളാണ് എന്നതിൽ തെല്ലും സംശയമില്ല. അശാസ്ത്രീയമായ

# *സ്പാർക്ക്ൾസ്*

**കാർഷിക-നിർമ്മാണ പ്രവർത്തനങ്ങൾ , വനനശീകരണം, കുന്നിടിക്കൽ തുടങ്ങിയ മനുഷ്യ പ്രവർത്തനങ്ങളെല്ലാം പ്രളയത്തിന്റെ ആക്കം കൂട്ടി. പരിസ്ഥിതിയെ ചോദ്യം ചെയ്തത് തന്നെയാണ് ഇതിനു കാരണം. പ്രൊഫ.മാധവ് ഗാർഡ്ഗിൽ പോലുള്ള പാരിസ്ഥിതിക വിഷയങ്ങളിൽ പരിജ്ഞാനമുള്ളവരുടെ വാക്കുകൾ മുഖവിലക്കെടുക്കാതെ മനുഷ്യൻ ചെയ്ത പ്രവർത്തനഫലം അവർ തന്നെ**

**നീറി നീറി അനുഭവിച്ചു തീർത്തു.**

***നിയന്ത്രണാതീതമായി വെള്ളം കയറിയപ്പോൾ കരസേനയും നാവികസേനയും വ്യോമസേനയും എല്ലാം രംഗത്തു വന്നു. അതിജീവനത്തിന് സഹായത്തിനായി കേരളസർക്കാറിന്റെ വിവിധ വകുപ്പുകളും ഉദ്യോഗസ്ഥരും രാപ്പകലില്ലാതെ അത്യധ്വാനം ചെയ്തു .കൂടാതെ കഠിനാധ്വാനത്തിലേർപ്പെട്ട മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ സ്വന്തം സൈന്യം എന്ന് കേരളസമൂഹം വിശേഷിപ്പിച്ചു .***

***ഓരോ പ്രളയവും നിരവധി ഓർമ്മപ്പെടുത്തലുകൾ സമ്മാനിച്ചാണ് കടന്നുപോകുന്നത് .ഇവയിൽ നിന്നൊക്കെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളജനത പുതിയൊരു വികസന സംസ്കാരം രൂപപ്പെടുത്തേണ്ടതുണ്ട് . വികസനങ്ങൾ പ്രകൃതിയോട് ഇണങ്ങിച്ചേരുന്നതാകണം .പ്രകൃതിക്ക് കോട്ടം വരുന്നതാവരുത് .അങ്ങനെ വന്നാൽ പ്രളയങ്ങൾ ഇനിയും കേരളത്തിൽ ഒരു തുടർക്കഥയാകും...........***

# പാഠം ഒന്ന് പാടത്തേയ്ക്ക്








# യാത്രാ വിവരണം

**Fathima sherin M**

**യാത്രാ വിവരണം എന്നാൽ അധികപേരുടെയും വിചാരം ഒരു നീണ്ട യാത്രയ്ക്ക് വിരാമമിട്ട്കൊണ്ട് അതിന്റെ ഓർമകൾ കടലാസു ചീന്തുകളിൽ കുറിച്ചിടുന്നത് എന്നാണ്.പക്ഷേ, എന്റെ ഈ യാത്രാവിവരണം അവയെ എല്ലാം തലകീഴായി മറിച്ചു കൊണ്ട് ഒരു കുഞ്ഞുയാത്രയുടെ .....എന്നാൽ ഞാൻ ഇതുവരെ അനുഭവിക്കാത്ത വലിയ അനുഭവങ്ങളുള്ള ഒരുസഞ്ചാരത്തെകുറിച്ചാണ്.**

**2019 ജൂൺ 28 ന് ഏകദേശം ഒരു12.30 ആയിക്കാണും ഗഫൂർ മാസ്റ്ററുടെ ആ അനൗൺസ്മെന്റ് വന്നത് "വയനാവാരത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരാർത്ഥികളും അതാതു ക്ലാസ്സുകളിലെ ലൈബ്രേറിയൻസും ക്ലാസ്സ് ലീഡർമാരും കൃത്യം 2 മണിക്ക് ഓഡിറ്റോറിയത്തിൽ ഹാജരാവണം .അത് കേട്ടപാടെ ഞാനും സഹപാഠികളായ അരുണിമയും തൻസീഹും ഫവാസിനും അത്യധികം സന്തോഷിച്ചു. അതിന് കാരണമെന്തായിരിക്കാം?അതെ അന്ന് അഞ്ചാം പിരിഡ് ബയോളജി പരീക്ഷ യായിരുന്നു.അതിൽ നിന്ന് ഞങ്ങൾ നാൽവർ സംഘം രക്ഷപ്പെട്ടിരിക്കുന്നു.പരീക്ഷയ്ക്ക് പഠിക്കണോന്ന് ചോദിച്ചതിന് എനിക്ക് ലക്ഷ്മിശ്രീ ടീച്ചറുടെ അടുത്തുനിന്നും തല്ല് കിട്ടിയിരുന്നത് കൊണ്ട്മരണ പടിപ്പായിരുന്നു.പടച്ചോൻ കാത്ത്!**

**അങ്ങനെ ആ പ്രമാദമായ സമയം എത്തി .വാച്ചിൽ നോക്കിയപ്പോൾ 2, മണി ഞാനും അരുണിമയും ഒരോട്ടമായിരുന്നു ഓഡിറ്റോറിയത്തിലേക്ക്.അവിടെ എത്തിയപ്പോൾ കുട്ടികളെ**

അനിതടീച്ചറും ഗഫൂർ മാഷും പിന്നെ സേതുമാഷും വരിയായി അണിനിരത്തിയിട്ടുണ്ട്.അപ്പോഴാണ് ഞങ്ങൾ മനസ്സിലാക്കിയത് ഞങ്ങൾ ഒരു യാത്രപോവുകയാണ് ,അതും പുസ്തകങ്ങളുടെ ലോകത്തേക്ക്.പുസ്തകങ്ങളെ അറിയാൻ വേണ്ടി മക്കരപ്പറമ്പ് വായനശാലയിലേക്ക്.സേതുമാഷ് അതിനാവശ്യമായ നിർദേശങ്ങൾ നൽകി.അങ്ങനെ ആയാത്ര പുറപ്പെടുകയായി ,ആ നീണ്ടനിര അവസാനിച്ചത് എന്റെ അടുത്ത്. ഞങ്ങൾ റോഡ് മുറിച്ച് കടന്നപ്പോൾ വാഹനങ്ങളുടെ ഒരു നീണ്ടനിരതന്നെ റോഡിനിരുവശവും കാത്തുനിൽകുന്നുണ്ടായിരുന്നു. ആ വെയിലത്ത് ഞങ്ങൾ നടന്നു. ക്ലാസ്സുകളിലെ ജനലുകളിലൂടെ കുറേ കണ്ണുകൾ ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു. ആ കണ്ണുകളിൽ അസൂയ നിറഞ്ഞിരിപ്പുണ്ടോ? ആ, അറിയില്ല. കുറച്ച് കഴിഞ്ഞപ്പോൾ ജ്യോതി ടീച്ചറും വന്നു. ഞാനും അരുണിമയും അവസാനമായത് കൊണ്ട് ടീച്ചർമാരുടെ സംസാരം കേൾക്കാമായിരുന്നു. ജ്യോതി ടീച്ചർ -അനിത ടീച്ചറിനോട് പറയായിരുന്നു, "ടീച്ചറെ കുട്ടിക്കാലത്ത് പുസ്തകങ്ങൾ കിട്ടാൻ വളരെ ബുദ്ധിമുട്ടായിരുന്നു, അതോണ്ടന്നെ ഒരു പുസുതകം പിന്നേം പിന്നേം വായിക്കുന്ന്"അപ്പോ അനിത ടീച്ചർ പറയാ, "ഇപ്പോഴത്തെ കുട്ട്യോൾക്ക് സൗകര്യം കൂടിയോണ്ട് പുസ്തകങ്ങളുമായി അടുപ്പല്യ,ഏതു നേരും മൊബൈൽ കുത്തികളിക്കായിരിക്കും". ഞങ്ങൾ പറഞ്ഞു, "ടീച്ചറെ ഞങ്ങൾ ഡിജിറ്റൽ ലൈബ്രറിന്ന് വായിക്കാറ്ണ്ടന്ന്". ഞങ്ങളുടെ ഊഴമെത്താൻ ഒരുപാട് കാത്തിരിക്കേണ്ടി വന്നു. അതിനിടക്ക് ഞാനും അരുണിമയും ഒരു കളി കളിച്ചു. നമ്മുടെ ലൈബ്രറി ഒരു ഉൾചേരിയിലായിരുന്നു. അതു കൊണ്ട്

തന്നെ അവിടെ നല്ല തണലായിരുന്നു. ആ പച്ചപ്പിൽ അവിടെയുള്ള ഒരു മതിലിൻമേൽ, 'തുകാകടിച്ചി' എന്ന പേരുള്ള ഒരു കുഞ്ഞു ചെടി സർവ യശ്ശസ്സും ചാർത്തി അവിടെ നിൽപ്പുണ്ടായിരുന്നു. ആ ചെടിനെ ചൂണ്ടിക്കൊണ്ട് ഞാൻ പറഞ്ഞു, "നോക്ക് അരുണിമ, ആ ചെടി പിടിച്ചാലെയ് മ്മക്ക് ചൊറിയുന്ന്." പക്ഷെ അരുണിമ അതിനെ എതിർത്തോണ്ട് പറയാ, "നീ ഒന്നു പൊയ്ക്കാ ഷെറീ, പിന്നേ അതല്ലേപ്പോ ചൊറിയാ." അവസാനം ഞാൻ അനിത ടീച്ചർനോട് ചോദിച്ചു, "ടീച്ചറേ ഈ ചെടി പിടിച്ചാ ചൊറിയൂലെ?" ടീച്ചർ അതെ എന്ന രൂപത്തിൽ തലയാട്ടി. അതിനിടക്ക് ഞങ്ങൾ ഒരു അഞ്ചു രൂപ ബെറ്റ് വെച്ചിരുന്നു. അങ്ങനെ ആ അഞ്ചു രൂപ എനിക്ക് സ്വന്തം.

അങ്ങനെ ഒരുപാട് കാത്ത് കാത്ത് ആ സുവർണാവസരം വന്നെത്തി. ആ സ്വർഗരാജ്യത്തേക്ക് ഞങ്ങൾ പാദരക്ഷകൾ അഴിച്ചു വെച്ച് പ്രവേശിച്ചു.ആദ്യമേ  ഒരു ചെറുമുറി, അവിടെ കുറേ പെയ്ന്റിങ്ങ്സും പിന്നെ ഫ്രെയിം ചെയ്ത ഫോട്ടോകളും അതെല്ലാം ഓരോ മഹാ ന്മാരുടേതായിരുന്നു പിന്നെ അടുത്ത മുറിയിലേക്ക്, അവിടെ ധാരാളം പുസ്തകങ്ങളും. ഞങ്ങളിരുവരും പിന്നെ അനിത ടീച്ചറും പുസ്തകങ്ങള് നോക്കി കൊണ്ടങ്ങനെ നടന്നു.അവിടത്തെ ലൈബ്രറി ചേച്ചീനോട് മ്മളെ അനിത ടീച്ചർ ചോദിച്ചു "ഇങ്ങളുടെ മക്കളൊക്കെ എവിടായിരുന്നു പഠിച്ചിരുന്നത് എന്ന്"?ചേച്ചിന്റെ മക്കളൊക്കെ വടക്കാങ്ങാങ്ങരയായിലാണ് പഠിച്ചിരുന്നത്, അന്ന് മക്കരപ്പറമ്പ സ്കൂൾ ഭയങ്കര കച്ചറയായിരുന്നു, പക്ഷേ ഇന്ന് ഈ മങ്കട സബ് ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ ആണ്  ഇത്.അത് കേട്ടപ്പോൾ മേനിയിലൂടെ ഒരു

# *സ്പാർക്ക്ൾസ്*

തരിപ്.മേനിയിലെ ഓരോ  രോമവും എഴുന്നേറ്റു.അനിത ടീച്ചറോട്,,,ആ ചേച്ചി.... ടീച്ചറെത്ര വർഷമായി  സ്കൂളി കയറീട്ട്....... അങ്ങനെ ആരഹസ്യവും ഞങ്ങളറിഞ്ഞു. ടീച്ചർ ഈ ജീ. വി.എച്ച്. എസ്, കലാലയത്തിന് വേണ്ടി 13 വർഷമയി സേവനം അനുഷ് ഠിച്ചുകൊണ്ടിരിക്കുന്നു. പിന്നെ അവിടെ നിന്ന് ഇറങ്ങി. അപ്പോൾ അനിത ടീച്ചറെ പിറകിൽ നിന്ന ആ ലൈബ്രറി ചേച്ചി വിളിച്ചു. എല്ലാവരും പോയികഴിഞ്ഞിരുന്നു. അപ്പോഴും ഞാനും  അരുണിമയും അനിത ടീച്ചറെ കാത്ത് അവിടെ തന്നെ നിന്നു. കുറച്ച് കഴിഞ്ഞപ്പോൾ ടീച്ചർ ഓടിക്കിതച്ചെത്തി.മക്കളെവിടെ.....എല്ലാവരും പോയോ? അതെ എന്ന് പറഞ്ഞപ്പോൾ ടീച്ചർ ആശ്വാസത്തോടെ നെടുവീർപ്പിട്ടു.പോകുന്ന വഴിയിൽ ഒരു  പഴുത്ത കർമത്തി....ഏതോ ഒരു അലവലാതി കാക്ക കൊത്തിയിട്ടിരിക്കുന്നു.ഹും....ആ കാക്കയെ എന്റെ കയ്യിൽ കിട്ടിയാലുണ്ടല്ലോ...?

ഞങ്ങൾ ഒരു വീട്ടിൽ ഉറുമാമ്പാഴം കായ്ച്ച് നിൽക്കുന്നത് ടീച്ചർക്ക് കാണിച്ച് കൊടുത്തു. മൂന്ന് പേരും സംസാരിച്ച് കൊണ്ട് പോന്നപ്പോൾ ഞങ്ങളുടെ സ്വർഗാലയത്തിൽ എത്തിച്ചേർന്നതറിഞ്ഞില്ല

***ജി. വി. എച്ച്. എസ്. എസ് മക്കരപ്പറമ്പ കലാലയമുറ്റത്ത്..... ഒരുപാട് അനുഭവങ്ങൾ സമ്മാനിച്ച എന്റെ പ്രിയ അദ്ധ്യാപകർക്ക് ഒരുപാട്*** *നന്ദി...*

# സ്പാർക്ക്ൾസ്





സേതു മക്കരപറമ്പ

***ഞങ്ങളുടെ ഫിസിക്കൽ സയൻസ് അധ്യാപകനും കലാകാരനുമായ സേതു മാഷിൻെറ രചന***

## ചെമ്പരത്തി

അനുരാഗ മധുരം പുരട്ടി ഹൃദയങ്ങളിലേക്ക്
കുലച്ച അമ്പുകളുടെ തുമ്പത്ത്
അറിയാതെ പോലുമാരുമെന്നെ കോർത്തില്ല!
എനിക്കു പതിച്ചു തന്നതോ,
ഉന്മാദത്തിന്റെ പടഹധ്വനി കേൾക്കും
ബാഹ്യ കർണ്ണങ്ങൾ മാത്രം!ചങ്ക്തുളച്ചു കേറുന്ന കത്തിത്തലപ്പത്തെ
ചൂടിന്റെ ചായം തേച്ചാണ് ഞാൻ വിരിഞ്ഞത്
വെറുപ്പും വേദനയും വടിവൊത്ത സ്വപ്നവും
തലങ്ങും വിലങ്ങും ചാലിട്ടൊഴുകും ഞരമ്പുകൾ
അതിനൊക്കെയപ്പുറം കൗതുകത്തിന്റെ മിനുപ്പ് ,
നൊമ്പരം ചേർത്തൊന്നമർത്തിപ്പിഴിഞ്ഞാൽ
കാഴ്ച കൊത്തിപ്പറിക്കുമിരുട്ടിൻ കറുപ്പ്!
എങ്കിലും ജീവന്റെ നടയിലെരിയും തീപ്പന്തമായ് ഞാൻ
വിരിഞ്ഞെത്ര വസന്തത്തിനേകി ഇടിമുഴക്കം!
തലയുയർത്തി ,ഉയരങ്ങളിൽ മിഴിയൂന്നി,ആകാശം മാത്രം കിനാവു കണ്ട്,
വിശുദ്ധിയുടെ വെളുപ്പും സ്നേഹസുഗന്ധങ്ങളും
ഉപേക്ഷിച്ച്, അന്തിച്ചോപ്പിന്റെ നിശബ്ദമന്ത്രമായ്
പൂക്കാലങ്ങൾ ഞാൻ തീർത്തു കൊണ്ടേയിരിക്കും
പൂമ്പാറ്റകൾക്കും പൂങ്കാറ്റിനും വേണ്ടാത്ത
ഒരപരാധിയുടെ വിജയഗാഥകൾ രചിച്ചു,ഒറ്റയാനാവുന്നതിൽ പരം ആത്മഹർഷം
മറ്റേതു ജന്മത്തിനു നല്കാനാ'വും ?-

*അനുപമ കെ. ജി*

# ലിറ്റിൽകൈറ്റ്സ് ഏകദിന ക്യാമ്പ്



# ഓണാഘോഷം@2019







# സ്കൂൾകലോൽസവം-2019



# എസ് എസ് എൽ സി കുട്ടികൾക്കുള്ള മോട്ടിവേഷൻ ക്ലാസ്സ്










**സുഹൈൽ അരീക്കോട്**

# സ്പാർക്ക്ൾസ്

## അമ്മമാർക്കുള്ള ബോധവൽക്കരണ പരിപാടി






# നല്ല ചോദ്യം.....

ചെറുകഥ

Jahana 8F

പേടിതൊണ്ടനായ ശാസ്ത്രജ്ഞനാണ് ഡിസിൽവ. ഒരിക്കൽ ഡിസിൽവയ്ക്ക് കടലിൽ.ചില പരീക്ഷണങ്ങൾ നടത്തേണ്ട ആവശ്യം വന്നു. പരീക്ഷണത്തിനുള്ള ഉപകരണങ്ങൾ ഘടിപ്പിച്ച ബോട്ട്റെഡിയായി.പക്ഷേ,കടൽ കണ്ടപ്പോഴേ ഡിസിൽവയുടെ മുട്ടുകൾ കൂട്ടിയിടിച്ചു.എങ്ങനെ ഓടിക്കും?വല്ല തിരയിലും പെട്ട് ബോട്ട് മറിഞ്ഞാലോ?ഡിസിൽവ ഒരു വഴി കണ്ടെത്തി.നീന്തൽ അറിയാവുന്ന ഒരു ബോട്ട് ഡ്രൈവറെ നിയമിക്കുക. അഥവാ കടലിൽ വീണാലും അയാൾ രക്ഷിക്കുമല്ലോ...അങ്ങനെ പരസ്യം കണ്ട് ഒരാൾ വന്നു, ...ഡിക്രൂസ്...വലിയ കപ്പലിന്റെ ക്യാപ്റ്റൻ ആയിരുന്ന ആളാണ്.ഡിസിൽവ ഒന്നും ലോചിച്ചില്ല.ഡിക്രൂസിനെ നിയമിച്ചു.ഉടൻ തന്നെ രണ്ട് പേരും ബോട്ടുമെടുത്ത് കടലിലേക്ക്പോയി.തിരയും കാറ്റും കണ്ട് ഡിസിൽവ പേടിച്ച് വിറച്ചു.ബോട്ട് ആടിയുലയുന്നു....എടോ ഡിക്രൂസെ....തനിക്ക് നീന്തൽ അറിയാമല്ലോ ..അല്ലേ?ഡിസിൽവ പേടിയോടെചോദിച്ചു....ഏയ്ഒട്ടുമറിയില്ല...ഡിസിൽവദേഷ്യപ്പെട്ടു,എന്നിട്ട് പറഞ്ഞു.. നീന്തൽ അറിയാത്ത താൻ എങ്ങനെ ഒരു കപ്പലിലെ ക്യാപ്റ്റനായി??

# വേനൽ ..

കവിത

Farhana 8F

ഈ കുഞ്ഞു പുല്ലിന് -വേനലിനെ
അതിജീവിക്കാനാകുമോ?
കൊന്നമരമേ....കൊന്നമരമേ....
വെയിലിനെ ഉരുക്കി സ്വർണമാക്കി
കാതിലണിയുന്ന പണി പഠിപ്പിക്കണേ....
ഉങ്ങു മരമേ......ഉങ്ങു മരമേ......
വേനലിനെയെടുത്ത് കുളിർത്തൊപ്പിയാക്കി
തലയിൽ വക്കുന്ന കളി പഠിപ്പിക്കണേ...
അല്ലെന്നാൽ ചെറുതെന്ന് വച്ച്,
വേനലതിനെ പച്ചക്കങ്ങ് തിന്ന്കളയും

# ആദരിക്കൽ






# പുലരി

ഇഷ വെങ്കിട്ട 8A

ഉറങ്ങിക്കിടക്കുന്ന അമ്മയുടെ മുഖത്തേക്ക് അവസാനമായി അവളൊന്ന് നോക്കി. ശബ്ദം ഉണ്ടാക്കാതെ വാതിലടച്ചു. ഇറങ്ങാൻ നേരം കാലൊന്നിടറി. അവളറിയാതെ ഒന്ന് തിരിഞ്ഞ് നോക്കി.

കളിച്ചും ചിരിച്ചും ബാല്യം ചിലവിട്ട അവളുടെ വീട്ടുമുറ്റം. മാവിൻ കൊമ്പിൽ അച്ചൻ കെട്ടിത്തന്ന ഊഞ്ഞാൽ . ഒരൊ പ്രാവശ്യം കൂടി അതിലൊന്നിരിക്കാൻ അവൾ കൊതിച്ചു. ഊഞ്ഞാലിൻമേൽ ഇരുന്നപ്പോൾ ഉറഞ്ഞ്കിടന്ന സങ്കടങ്ങൾ അലിഞ്ഞൊഴുകാൻ തുടങ്ങി.

അച്ചൻെറ 'ആനി' എന്നുള്ള നീട്ടിയ വിളി.......മാമ്പഴങ്ങൾക്ക് വേണ്ടി കാത്ത് നിന്ന മാഞ്ചുവട്......വയലിനപ്പുറം കൂട്ടുകാരെ കാത്ത് നിന്ന ദിവസങ്ങൾ.....

ഒരുപാട് ചരിത്രങ്ങൾ പറയാനുണ്ട് ആ മുത്തശ്ശി മാവിന്. അത് അതിൻെറ ഇലകൾ കൊണ്ടവളോട് പോകരുതേ എന്ന് കേണു. ഒരു നിമിഷം ആ വീട് അവളെ നോക്കി.അവൾ സ്തംഭിച്ച് നിന്നു.

# സ്പാർക്ക്ൾസ്

ഇല്ല! ഇനിയൊരു മടക്കമില്ല....ഉറച്ച മനസ്സോടെ ഗേറ്റ് കടന്ന് അവൾ റെയിൽവേ സറ്റേഷൻ ലക്ഷ്യമാക്കി നടന്നു. മനസ്സവളോട് പ്രതിഷേധിച്ചു. "ഇത് വളരെ തെറ്റായ ഒരു തീരുമാനം തന്നെയാണ്!ഇത് ആരോടുള്ള പ്രതികാരമാണ്?"

എന്തിന്? എന്തിനാണിത്? അറിയില്ല. എന്തിനാണെന്നോ എങ്ങോട്ടാണെന്നോ അവൾക്ക് നിശ്ചയമില്ല. ഇന്ത്യയെ അറിയണം...കേരളത്തേ അറിയണം....ഈ നാടറിയണം....നാട്ടുവഴികളറിയണം....യാത്ര...യാത്ര...യാത്ര!

ആഴ്ചകൾ നീണ്ട യാത്രക്ക് ശേഷം മഞ്ഞുപാറുന്ന ഹിമാലയ താഴ്വരങ്ങളിൽ ചുറ്റി നടന്നു. നിലാവിൽ മഞ്ഞുമലകൾക്ക എന്തു ഭംഗി! അവൾ അലയാൻ തുടങ്ങി അതാ ദൂരെ ഒരിത്തിരി വെട്ടം....അവളത് ലക്ഷ്യമാക്കി നടന്നു. തണുപ്പ് കാറ്റ് അവളുടെ മുടിയിഴകളിലൂടെ തട്ടിത്തെറിച്ച് നീങ്ങി. അവൾ തളർന്ന് വീണു.

രാവിലെ നല്ല ചൂട് മുറിയിൽ കമ്പിളി പുതച്ച് കൊണ്ടവൾ എണീറ്റു. സമീപത്തുള്ള രണ്ട് സ്ത്രീകൾ ഏതോ അജ്ഞാതമായ

ഭാഷയിൽ ആരെയോ വിളിക്കുന്നുണ്ടായിരുന്നു. അവൾ മെല്ലെ കണ്ണടച്ചു

"ഹലോ.... തും കോൻ ഹേ ? തുമാരി ഗാവ് കിദർ ഹെ ? ഠിക് ഹേ ന ?" എന്നിങ്ങനെ നീണ്ടു ഹിന്ദ് ചോദ്യങ്ങൾ.. അവൾ മറുപടി പറഞ്ഞില്ല വിശക്കുന്നുണ്ടായിരുന്നു എങ്കിലും അവൾ കണ്ണടച്ചു. ചൂട് ഭക്ഷണം അവളുടെ മുമ്പിൽ വിളമ്പി. അവൾ അത് ആർത്തിയോടെ അകത്താക്കി.

അവരുടെ കൂടെയുള്ള ഒരു മലയാളിയുമായി സംവദിച്ച് അവരുടെ ലക്ഷ്യം മനസ്സിലാക്കി മൗണ്ട്എവറസ്റ്റ്. അവരുടെ കൂടെ കൂടാൻ അവൾ തീരുമാനിച്ചു. ആദ്യം ഒന്ന് മടിച്ചെങ്കിലും അവർ അവളെക്കൂടെ കൂട്ടി.

യാത്ര തുടർന്നു.. തണുത്തുറഞ്ഞ വായുവിൽ അവർ എട്ട് പേർ. പനിച്ചും പഠിച്ചും അവർ സധൈര്യം മുന്നോട്ട് പോയി.

രണ്ട് മാസങ്ങൾക്ക് ശേഷം......

പാലൂർ വീട്ടിൽ പൗലോസ് ചേട്ടൻ പത്രം കയ്യിലെടുത്തു. മാസങ്ങളായി മകൾ പോയിട്ട് ഒരു വിവരവുമില്ല എങ്കിലും തനിക്ക്

ദുഃഖമോ പരിഭവമോ ഇല്ലാ കാരണം അവളെ വളർ ത്തിയിരിക്കുന്നത് ഒരു പെൺകുട്ടിയായിട്ടാണ്. പത്രം തുറന്നു. കണ്ണുകൾ തിരുമ്മി.

സ്വയമൊന്നു നുള്ളി നോക്കി അല്ല സ്വപ്നമല്ല. യാതാർത്ഥ്യമാണ്! അന്നാമേ!എടീ അന്നാമേ ദേ നമ്മടെ മോള്!' ആ അമ്മ ഓടിവന്നു ആനന്ദകണ്ണീരൊഴുകി.

പാലൂർ വീട് തയ്യാറാവുകയാണ്.എകദേശം ആറ് മാസമായി തങ്ങളുടെ മകൾ പോയിട്ട് ഇന്നവൾ ലോകപ്രശസ്ത എങ്കിലും ജനിച്ച വീടിനെയും വളർത്തിയ മാതാപിതാക്കളെയും ആർക്കെങ്കിലും മറക്കാനാവുമോ?

കാറിലിരുന്ന് അവൾ ആലോചിക്കുകയാണ് വയലേലകളും ഫുട്ബോൾ ഗ്രൗണ്ടും മത്തായി ചേട്ടന്റെ മീൻകടയും അവളുടെ പോസ്റ്ററുകളാൽ മിന്നി തിളങ്ങുന്നു.

അവൾ ഒന്ന് പുഞ്ചിരിച്ചു.വീടിനടുത്തുള്ള നദിക്കരയിലേക്ക് അവൾ നീങ്ങി. ആകാശം നദിയിലലിഞ്ഞുചേർന്നുകിടക്കുന്നു. അടുത്തുള്ളമരങ്ങളെല്ലാം ചില്ലിൽ കൊത്തിവെച്ച പോലെ. അവൾ പതിയെ കാറിൽ കയറി ഇനി വീട്ടിലോട്ട്..

ഒരു പുതിയ പുലരി.............

# മരണ വിളക്ക്

മരണ മണിയുടെ നാദം
മരണം മുഴങ്ങുന്ന നാദം
മരണം മുഴങ്ങുന്ന നേരം
നിറ ദീപങ്ങളെന്നിൽ തെളിഞ്ഞീടവേ ...
മരണവിളക്കുകൾ ഏന്തിനിൽപ്പൂ
ഇന്നെൻ വീടിൻ അങ്കണത്തിൽ
സങ്കടകടലിലേക്കാഴ് ന്നിറങ്ങി
എൻ പ്രിയവരുടെ മനസ്സുകളും
കണ്ണുനീരുപ്പ് പൊഴിച്ചു
ജീവൻ തുടിപ്പുകൾ നിലച്ചുപോയോ?
എൻ ജീവൻ തുടിപ്പും അകന്നു പോയോ?
നിദ്രയിലെന്നപ്പോൾ ആണ്ടിരിക്കെ
ഞാൻ നിദ്രയിലാണ്ടു കഴിഞ്ഞിരിക്കെ
എൻ ഓർമ്മകൾ മാത്രം ആത്മാവിലേന്തി
അകലുകയാണോ ഈ നിമിഷം
ചോരകറയുടെ മണം തിങ്ങിനിൽക്കും
മനസ്സിന്റെ ഉള്ളം നിഷ്കളങ്കം
അഞ്ജനെ തൂകുന്ന കൺമിഴികൾ
നിദ്രയിലാണ്ടു കഴിഞ്ഞിരിക്കെ
എന്നും നിദ്രയിലാണ്ടു കഴിഞ്ഞിരിക്കെ..... *അപർണ . വി*

# മരിക്കുന്ന ഭൂമി -sooptha k subhash

കേൾക്കുന്ന രോദനമെങ്ങുമെങ്ങും
കൊഴിയുന്ന മൂകമായി ജീവലോകം
തെളിയുന്ന ഭൂവിൽ തെളിവറ്റ മാനവും
ജീവന്റെ തുടിപ്പുകളും

ഓരോ കനൽ വഴികളാകുന്ന ജീവിതം
പ്രാണവായുവിനായി കേണിടുന്നു
കേവലം നമ്മൾ തൻ കർമ്മമായി
ഭൂവിൽ കഴിയുന്ന പ്രാണവായു പോലും

നിലക്കുമീ ശ്വാസങ്ങൾ ഒഴുകുമീ കണ്ണ-
നീർ പതിക്കുന്ന മാനവചെയ്തികളിൽ
അണക്കുമോ നമ്മളീ ജീവശ്വാസങ്ങളെ
നിലച്ചീടുമോ ഈ ഭൂമി പോലും
പെയ്തിറങ്ങാൻ മടിക്കുന്ന മഴയും

# സ്പാർക്ക്ൾസ്

ഒഴുകുവാൻ കഴിയാതെ പുഴകൾ പോലും
കാടുകളില്ലിവിടെ മേടുകൾ പോലും
കാറ്റിൻ മർമ്മര ഗാനമെങ്ങോ

പിടയുന്ന പ്രാണൻ രോദനങ്ങൾ
മിടിക്കുന്നു അമ്മയാം ഭൂമി തന്നിൽ
അണക്കുന്നിതാ നമ്മൾ മാനവർ
മരിക്കുന്ന ഭൂമിതൻ ജീവനാളം

സ്മരിക്കുവാൻ നാമമായ് ഭൂമിയായാൽ
സ്മൃതിയായി മാറുമീ മാനുഷ്യരും................

## സ്കൂൾ കരാട്ടെ ടീം

### സ്കൂൾ കരാട്ടെ ടീം ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ ഹമീദ് മാസ്ററർക്ക് ഒപ്പം



**റിഷിൻ സമാൻ,മൃദുൽ എൻ ഷാജി,ഷിഫ്ന**

# സ്പാർക്ക്ൾസ്

## ഹൈ-ടെക് കെട്ടിട ഉദ്ഘാടനം

## സ്പീക്കർ ശ്രീരാമകൃഷ്ണൻ

## നിർവ്വഹിക്കുന്നു







## പുതിയ കെട്ടിടങ്ങൾ





# സ്പാർക്ക്ൾസ്









**ഇവർ മക്കരപ്പറമ്പിൻെറ അഭിമാന താരങ്ങൾ**

# നന്ദി